# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

**സംഗ്രഹം**

അക്കാദമിക് വിഭാഗം- ട്രാൻസ്ജന്റർ വ്യക്തികൾക്ക് ബിരുദ പഠനത്തിന് വയസ്സിളവ് അനുവദിക്കേണ്ടതില്ല എന്ന സിൻഡിക്കേറ്റ് തീരുമാനം സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് 'ബി' വിഭാഗം**

നം.2777/എ.സി.ഡി.ബി2/2006/എസ്.എസ്.യു.എസ്(സബ്ഫയൽ) തീയതി : 24.09.2020

---

പരാമർശം: : 1. 27/08/2019ലെ ബി3/243/2019/ഉവിവ നമ്പർ കത്ത്
2. ട്രാൻസ്ജന്റർ സംഘടന സമർപ്പിച്ച നിവേദനം
3. 18.01.2020ലെ 181-ാമത് സിൻഡിക്കേറ്റ് തീരുമാനം

**ഉത്തരവ്**

പരാമർശം (1) പ്രകാരം ലഭിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കത്തിൽ ട്രാൻസ്ജന്റർ വ്യക്തികൾക്ക് സർവ്വകലാശാലയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി വയസ്ഇളവ് അനുവദിക്കണമെന്ന ട്രാൻസ്ജന്റർ സംഘടനയുടെ നിവേദനം സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുകയും, 18.01.2020ന് ചേർന്ന 181-ാമത് സിൻഡിക്കേറ്റ് യോഗം ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ബിരുദ പഠനത്തിന് വയസ്സിളവ് അനുവദിക്കേണ്ടതില്ലെന്നും ബിരുദ പഠനത്തിന് ഉയർന്ന പ്രായപരിധിയായി നിശ്ചയിച്ചിരിക്കുന്ന 22 വയസ്സ് തന്നെ എല്ലാ വിഭാഗങ്ങൾക്കും നിശ്ചയിക്കുവാനും തീരുമാനിച്ചു.

സിൻഡിക്കേറ്റിന്റെ മേൽ തീരുമാനം സർവ്വകലാശാലയിൽ നടപ്പിലാക്കി ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ഡോ.ഗോപാലകൃഷ്ണൻ എം.ബി**
**രജിസ്ട്രാർ**

സ്വീകർത്താവ്:

1. എല്ലാ പ്രാദേശിക കേന്ദ്രം ഡയറക്ടർമാർക്കും/എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
2. വിസി/പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. ജെ.ആർ /എ.ആർ(അക്കാദമിക് വിഭാഗം)
4. എസ്.എഫ്/ഫയൽ കോപ്പി
5. ഐ.ടി. ഇൻ ചാർജ് - വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**